VM ARCHITECTS
architecture + interiors

3rd Floor , 5/3403 C40 (3) , Space Mall , Jafferkhan Colony Road,calicut 673004 , Kerala - India
info@vmarchitects.net + 91 96 33 822 771 , 0495- 272 8771 www.vmarchitects.net

No.1197/1, 3rd floor(paratha plaza),22nd cross,HSR club road,Sector-3 , HSR layout,Bangalore- 560102
info.bangalore@vmarchitects.net + 91 96 33 82 27 71 | + 91 81 97 15 96 79 | 080 437 554 08
www.vmarchitects.net



ആധുനിക ശൈലിയിൽ ഡിസൈൻ ചെയ്ത ഈ വീട് അഴകിനും ആവശ്യങ്ങൾക്കും തുല്യ പരിഗണന നൽകുന്നു

# സമദൂര സിദ്ധാന്തം

റോഡിൽ നിന്ന് നോക്കിയാൽ ഈ വീട് കാണാൻ പറ്റില്ല. പക്ഷേ, ഗേറ്റ് തുറന്ന് ഉള്ളിൽ കയറിയാലോ, എത്ര നേരം വേണമെങ്കിലും നോക്കി നിന്നു പോകും. കണ്ണൂർ ജില്ലയിലെ തലശ്ശേരിക്കടുത്ത് ചൊക്ലി എന്ന ഗ്രാമത്തിന് പുതുമയാണ് ഇത്തരം ഡിസൈനിലൊരു വീട്. ദീർഘകാലമായി വിദേശത്തുള്ള രാജനും കുടുംബവും ആധുനികശൈലിയിലൊരു വീട് ആവശ്യപ്പെട്ടതിൽ അത്ഭുതമില്ല. അപ്പൊ. ചൊക്ലിയിൽ വണ്ടിയിറങ്ങുകയല്ലേ?

ആധുനികശൈലി എന്ന പേരിൽ ചതുരപ്പെട്ടി

**Project Facts**

**Area:** 2750 sqft

**Architect:**
വിനയ് മോഹൻ
വിഎം ആർക്കിടെക്ട്സ്,
വടകര, കോഴിക്കോട്
vmarchitects01@gmail.com

**Location:**
ചൊക്ലി, കണ്ണൂർ

**Year of completion:**
എപ്രിൽ, 2016







ഹാൾ (മുകളിൽ). സ്വീകരണമുറി (താഴെ).

കൾ അടുക്കി വച്ച പോലുള്ള വീടുകൾ പെരുകി വരുന്ന കാലമാണിത്. ആവർത്തനവിരസത തോന്നാതിരിക്കാൻ പുറംകാഴ്ച വളരെ ശ്രദ്ധാപൂർവം രൂപപ്പെടുത്തിയിരിക്കുന്നു. ബ്രൗൺ, വെള്ള, ആഷ് നിറങ്ങളാണ് പുറംമോടിക്ക് അഴക് ചാർത്തുന്നത്. കാറ്റും വെളിച്ചവും കടക്കുന്നതിനായി മുൻവശത്ത് പല ഡിസൈനുകളിൽ ഗ്ലാസ് ജനാലകൾ നൽകിയിട്ടുണ്ട്. ചില ഭാഗങ്ങളിൽ തടിയെന്ന് തോന്നിക്കുന്ന ടൈൽ വച്ച് ക്ലാഡിങ് ചെയ്തിരിക്കുന്നു. കോണിപ്പടി വരുന്ന ഭാഗം ബോക്സ് നൽകി ഹൈലൈറ്റ് ചെയ്തിട്ടുണ്ട്. ഇവിടെ ഗ്രിൽ ഡിസൈൻ നൽകിയത് വ്യത്യസ്തമായി. കിഴക്ക്



*ഫർണിഷിങ്ങിലൂടെയാണ് നിറങ്ങൾ സാന്നിധ്യമറിയിക്കുന്നത്. മിക്ക ഫർണിച്ചറും പ്രത്യേകം ഡിസൈൻ ചെയ്തെടുക്കുകയായിരുന്നു.*

ഡൈനിങ് സ്പേസും പാഷ്യോയും (മുകളിൽ) അടുക്കള (താഴെ)

ദർശനമായിട്ടാണ് വീടിരിക്കുന്നത്. പടിഞ്ഞാറ് നിന്നുള്ള കാറ്റിനെ വീടിനകം മുഴുവൻ ചുറ്റിയടിപ്പിക്കാൻ പിറകു വശത്ത് ഓപനിങ്ങുകൾ നല്കിയിട്ടുണ്ട്. പരിപാലനത്തിനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് പുൽത്തകിടി ഒഴിവാക്കി. ക്ലാഡിങ് ചെയ്ത ഭാഗങ്ങൾ പുറംകാഴ്ചയുടെ മതിപ്പ് കൂട്ടുന്നു. ബാൽക്കണിക്ക് ഗ്ലാസ് റെയ്‌ലിങ്. ചുറ്റുപാടുകൾ ഒപ്പിയെടുത്ത് ക്യാമറക്കണ്ണുകളുമുണ്ട്.

## ഉള്ളറിഞ്ഞ് ആസ്വദിക്കാം

ഇന്റീരിയറിൽ കാര്യങ്ങൾ കുറച്ച് ഒതുക്കത്തിലാണ്. തടിയുടെ കാര്യത്തിൽ വീട്ടുകാർക്ക് അത്ര

*പരിപാലനത്തിന്റെ തലവേദന ഒഴിവാക്കാൻ പാഷ്യോയിൽ കൃത്രിമപ്പുല്ല് പിടിപ്പിച്ചു.*

താൽപര്യമില്ലാത്തതിനാൽ കഴിവതും ഒഴിവാക്കി. ഫോയറിലേക്ക് പ്രവേശിക്കുമ്പോൾ ഇടത് വശത്തായി സ്വീകരണമുറി. രണ്ട് ഫാബ്രിക് സോഫകളും ചെറിയൊരു ടീപോയുമാണ് ഇവിടത്തെ ഫർണിച്ചർ കുടുംബം. കോർണർ വിൻഡോയ്ക്ക് ബ്ലൈൻഡുകൾ നൽകി.

വീടിന്റെ ഹൃദയമായ ഹാളിനെ പലതായി





പകുത്തിരിക്കുന്നു. എന്നാൽ ഇവയ്ക്കൊന്നും പാർട്ടീഷൻ ബോർഡുകൾ ഉപയോഗിച്ചിട്ടില്ല. ഫ്ലോറിങ്ങിലെ വ്യത്യാസങ്ങളിലൂടെയാണ് ഭാഗം വയ്പ് വ്യക്തമാകുന്നത്. ഹാളിന്റെ വലതുവശത്തായി ഫാമിലി ഏരിയ കാണാം. സ്വീകരണമുറിയിലെ അതേ ഡിസൈനിലുള്ള ഫർണിച്ചറാണ് ഇവിടെയും നൽകിയത്. ഈ ഭാഗത്ത് വുഡൻ ഫ്ലോറിങ് നൽകി.

**പടികളുടെയും കൈവരികളുടെയും രൂപകല്പന വേറിട്ടു നില്ക്കുന്നു. പടികൾക്ക് 30 സെന്റിമീറ്റർ വീതി നൽകിയിട്ടുണ്ട്.**

കോണിപ്പടികൾ. ലാൻഡിങ്ങിലെ ഗ്രിൽ ഡിസൈനും കാണാം.









മാസ്റ്റർ ബെഡ്റൂം (ഏറ്റവും മുകളിൽ). ഷവർ ക്യുബിക്കിൾ (മുകളിൽ). താഴത്തെ നിലയിലെ രണ്ടാമത്തെ കിടപ്പുമുറി (വലതു മുകളിൽ).

ഡൈനിങ് സ്പേസിലേക്ക് കടക്കുമ്പോൾ വിട്രിഫൈഡ് ടൈലുകളാണ് തറയിൽ. ഗ്ലാസ്ടോപ് ഇട്ട തടിയുടെ മേശയും കസേരകളും. ജിപ്സത്തിന്റെ ഫോൾസ് സീലിങ്ങിൽ ഇൻഡയറക്ട് ലൈറ്റിങ് നൽകിയിരിക്കുന്നു. പെട്ടെന്ന് ആരുടെയും കണ്ണിൽ പെടാത്ത രീതിയിലാണ് വാഷ്ഏരിയയ്ക്ക് സ്ഥാനം നല്കിയത്. ബേസിന്റെ അടിയിലായി സ്റ്റോറേജ് സൗകര്യവും നൽകി. ഇവിടത്തെ ലൈറ്റും കൗതുകകരമാണ്.

ഇതിനോട് ചേർന്നുള്ള പാഷ്യോ ആണ് ഇന്റീരിയറിലെ പ്രധാന താരം. കൃത്രിമപ്പുല്ല് വിരിച്ചിരിക്കുന്ന ഇവിടമാണ് അതിഥികളുടെയും വീട്ടുകാരുടെയും ഇഷ്ട ഏരിയ. പാഷ്യോയിലെ ചുവരുകളിൽ, ബാക്കിയായ ടൈലുകൾ ഉപയോഗിച്ച് ക്ലാഡിങ് ചെയ്തിട്ടുണ്ട്. ഇരുഭാഗത്തു കൂടിയും പുറത്തേക്കിറങ്ങാവുന്ന രീതിയിലാണ് പാഷ്യോയുടെ ഡിസൈൻ. വെളിച്ചത്തിനു കടന്നുവരാവുന്ന രീതിയിൽ ഷീറ്റിട്ടാണ് ഇവിടെ മേൽക്കൂരയൊരുക്കിയത്.

കോണിപ്പടിയുടെ ആകൃതിയും വ്യത്യസ്തമാണ്. 30 സെന്റിമീറ്റർ വീതിയുള്ളതാണ് ഓരോ പടിയും. കൈവരിയുടെ ഡിസൈനും കയ്യടി നേടുന്നു.

താഴെയും മുകളിലുമായി നാല് ബാത്അറ്റാ



ആർക്കിടെക്ട് പ്രോജക്ട്

## എല്ലാം കസ്റ്റമൈസ്ഡ് ആകുന്ന കാലം



വിനയ് മോഹൻ, ആർക്കിടെക്ട്
ചെന്നൈയിലെ സത്യഭാമ യൂണിവേഴ്സിറ്റിയിൽ നിന്ന് 2010 ൽ ആർക്കിടെക്ചർ ബിരുദം കരസ്ഥമാക്കി. വിഎം ആർക്കിടെക്ട്സിന്റെ സാരഥി. കോഴിക്കോട് വടകര സ്വദേശി.

- പഴയ കാലത്തെ അപേക്ഷിച്ച് ആളുകൾക്ക് അറിവിനുള്ള കൂടുതൽ സ്രോതസ്സുകൾ ഉണ്ട്. പുതുമകളെക്കുറിച്ച് അവർ കൃത്യമായി അപ്ഡേറ്റഡ് ആയിരിക്കും. അടുത്ത രണ്ട് തലമുറയ്ക്ക് വേണ്ടി വീട് പണിയാൻ ആരും ആഗ്രഹിക്കുന്നില്ല. 10–15 വർഷത്തിനിടയിൽ പുതുക്കിപ്പണിയൽ ചെയ്യുന്നവരാണ് ഭൂരിഭാഗവും. 5–8 വർഷത്തിനിടയിൽ ഇന്റീരിയറെങ്കിലും മാറ്റിയിരിക്കും.
- ആധുനിക വീടുകളുടെ ഇന്റീരിയറിൽ തടിക്ക് വലിയ പ്രാധാന്യമില്ല. നിറങ്ങളേക്കാൾ സാമഗ്രികളുടെ തനത് കളർകോംബിനേഷനിലാണ് ശ്രദ്ധ കൊടുക്കുക. മങ്ങിയ നിറങ്ങളാണ് കൂടുതൽ നിലനിൽക്കുക. കടുംനിറങ്ങൾ പെട്ടെന്ന് മടുപ്പിക്കും.
- കസ്റ്റമൈസ്ഡ് ഫർണിച്ചർ വിപണിയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടിയത് ആധുനിക വീടുകളാണ്. വീടിന്റെ ആശയവുമായി ഇണങ്ങുന്നവയാകണം ഫർണിച്ചർ.
- ഇന്റീരിയറിൽ നിഷ് സ്പേസുകൾക്ക് അധികം പ്രാധാന്യം നൽകിയില്ല. ഗ്ലാസ് ഇട്ട് മറച്ചില്ലെങ്കിൽ പൊടി അടിഞ്ഞുകൂടാൻ പറ്റിയ സ്ഥലമാണ് നിഷുകൾ.
- വീട്ടിലെ ചെറിയ കാര്യങ്ങൾ തീരുമാനിക്കുന്നതിൽ വരെ ആർക്കിടെക്ടിന്റെ ഇടപെടൽ ഉണ്ടാകണം. ഈ വീട്ടിലെ ചെടികൾ തിരഞ്ഞെടുത്തതു പോലും ഞങ്ങളുടെ ടീമാണ്.
- ചെലവ് ചുരുക്കൽ മാർഗങ്ങളും പരീക്ഷിക്കാറുണ്ട്. ഇവിടെ കോംപൗണ്ട് വോൾ ചെങ്കല്ല് വച്ച് കെട്ടിയതാണ്. തേച്ചിട്ടില്ല.
- ഫ്ലാറ്റ് റൂഫ് മഴക്കാലത്ത് വില്ലനാകുമെന്ന് പറയുന്നതിൽ കാര്യമില്ല. അത്തരം വീടുകളിൽ ശരിയായ വാട്ടർപ്രൂഫിങ് ചെയ്തിരിക്കണം. ജനാലയുടെ ഷേഡുകൾ രണ്ട് അടി വീതിയിലെങ്കിലും നൽകണം. വീടിന്റെ ഡിസൈൻ അനുസരിച്ച് ഈ അളവ് വ്യത്യാസപ്പെടാം.

രാജനും കുടുംബവും





*തടി, വിട്രിഫൈഡ് ടൈലുകൾ എന്നിവയുടെ സമന്വയമാണ് തറയിൽ പരീക്ഷിച്ചത്.*

ഡ് കിടപ്പുമുറികളാണ്. എല്ലാ ബാത്റൂമുകളിലും ഷവർ ക്യൂബിക്കിൾ ഉണ്ട്. ചില പരീക്ഷണങ്ങൾ കിടപ്പുമുറികളിലും കാണാം. മാസ്റ്റർ ബെഡ്റൂമിന്റെ ഹെഡ്ബോർഡ് ഭിത്തിയിലെ ലൈറ്റ് തന്നെ ഉദാഹരണം. തടിയുടെ പാനലിങ്ങിനുള്ളിൽ എൽഇഡികൾ പിടിപ്പിച്ചിരിക്കുന്നു. മറ്റൊരു കട്ടിലിന്റെ കാലുകളിൽ സ്റ്റീൽ റോഡ് പിടിപ്പിച്ചതും കൗതുകകരം തന്നെ.

ഡൈനിങ്ങിനോട് ചേർന്ന് അടുക്കള കാണാം. വെള്ളയാണ് അടുക്കളയുടെ തീം നിറം. കാബിനറ്റുകളും ഫ്രിഡ്ജും പാതകവും ബ്രേക്ഫാസ്റ്റ് കൗണ്ടറുമെല്ലാം തൂവെള്ള.

വീടിന്റെ പേരിലും വെൺമയുണ്ട് കേട്ടോ. ലില്ലി വൈറ്റ്! ■

*ചിത്രങ്ങൾ: പ്രശാന്ത് മോഹൻ, ആർക്കിടെക്ട്*